കെ.എ. സൈഫുദ്ദീൻ

# ഒരു ടൂവീലർ കഥ


മുപ്പത്തി രണ്ട് സൈക്കിളുകൾ ഉണ്ടായിരുന്ന വീട്ടിൽ ജനിച്ച് വളർന്നതുകൊണ്ടു കൂടിയാണ് പത്രപ്രവർത്തകനായി കോഴിക്കോട് നഗരത്തിൽ ആദ്യകാൽ കുത്തിയപ്പോൾ സഞ്ചാരത്തിന് സൈക്കിൾ തെരഞ്ഞെടുത്തത്. വീട്ടിലെ മുപ്പത്തി രണ്ട് സൈക്കിളിൽ ഒന്നൊഴികെ മറ്റെല്ലാം വാടകക്ക് കൊടുക്കുന്നതായിരുന്നു. ഞങ്ങളുടെ വീടിന്റെ ദൈനം ദിന വരുമാനത്തിന്റെ മുഖ്യ പങ്ക് ഈ സൈക്കിൾ വാടകയായിരുന്ന കാലമുണ്ടായിരുന്നു.

കോഴിക്കോട് നഗരത്തിൽ അപൂർവ്വമായി മാത്രമാണ് സൈക്കിൾ കാണുക. പലപ്പോഴും ധർണ്ണ സ്ഥലത്തും പ്രസ്സ് ക്ലബ്ബിലും പത്രസമ്മേളനം നടക്കുന്ന ഗസ്റ്റ് ഹൗസിലും മറ്റും പോകുമ്പോൾ റോഡിൽ സൈക്കിൾ യാത്രക്കാരനായി ഏകാന്തതയനുഭവിച്ച ഒരുപാടു നേരങ്ങളുണ്ടായിട്ടുണ്ട്. സൈക്കിൾ സവാരി ഇവിടെ ആരും അത്ര ഇഷ്ടപ്പെടുന്നില്ല. സൈക്കിൾ ചവിട്ടുക എന്നതിന് കോഴിക്കോടൻ വൊക്കാബുലറിയിൽ ഒരു അശ്ലീല അർത്ഥം കൂടിയുണ്ടെന്ന് പിന്നീടാണറിയുന്നത്.

ഒരു ദിവസം താജ് ഹോട്ടലിൽ ഒരു പത്രസമ്മേളനത്തിന് എത്തിയതായിരുന്നു. വാഹനങ്ങൾ പാർക്ക് ചെയ്യുന്നിടത്ത് സൈക്കിൾ ഒതുക്കി വെച്ച് മുന്നോട്ട് നടക്കുമ്പോൾ ഒരു കാവൽക്കാരൻ ഓടി വന്നു. സാർ; സൈക്കിൾ ഈ കോമ്പൗണ്ടിൽ വെക്കരുത്. ഇവിടെയാരും സൈക്കിൾ കൊണ്ടുവരാറില്ല. സങ്കടവും ദേഷ്യവും ഒപ്പം വന്നു. വാർത്താ സമ്മേളനത്തിനു വന്ന പത്രക്കാരനാണെന്ന് പറഞ്ഞു നോക്കി. പക്ഷേ, അയാൾ വിടാൻ ഭാവമില്ലായിരുന്നു.

ഒടുവിൽ ചോദിക്കേണ്ടി വന്നു. എവിടെയാണ് ടൂവീലർ പാർക്കിംഗ്? അയാൾ ഹോട്ടലിന്റെ കോമ്പൗണ്ടിനകത്ത് തന്നെ ഒരു കോണ് കാണിച്ചു തന്നു. ബൈക്കുകൾ വെക്കുന്നിടം. സൈക്കിൾ അവിടെ വെച്ച് മുന്നോട്ടു നീങ്ങുമ്പോൾ വീണ്ടും കാവൽക്കാരൻ. സാർ, ദയവായി സൈക്കിൾ മതിലിനു പുറത്ത് വെക്കണം. ദേഷ്യപ്പെട്ട് ഞാൻ അയാളോട് ചോദിച്ചു: എടോ ഇതിനെത്ര വീലുണ്ട്? അയാളൊന്ന് പരുങ്ങി, എന്നിട്ട് പറഞ്ഞു: 'രണ്ട്.'

'അതുകൊണ്ടാ ഇവിടെ വെച്ചത്, അധികമുള്ള വീല് താനെടുത്തോ' എന്നു പറഞ്ഞ് ഞാൻ പത്ര സമ്മേളന ഹാളിലേക്ക് കയറിപ്പോയി. തിരികെ വരുന്നതു വരെ പൊട്ടാൻ പോകുന്ന ഒരു ബോംബിനു കാവൽ നിൽക്കുന്നമട്ടിൽ അയാൾ എന്റെ സൈക്കിളിനെ നോക്കി നിൽക്കുകയായിരുന്നു. ●



താജ് ഹോട്ടലിൽ
പത്രസമ്മേളനത്തിന്
എത്തിയതായിരുന്നു.
വാഹനങ്ങൾ
പാർക്ക് ചെയ്യുന്നിടത്ത്
സൈക്കിൾ ഒതുക്കി
മുന്നോട്ട് നടക്കുമ്പോൾ
കാവൽക്കാരൻ
ഓടി വന്നു.
സാർ; സൈക്കിൾ
ഈ കോമ്പൗണ്ടിൽ വെക്കരുത്.
ഇവിടെയാരും സൈക്കിൾ
കൊണ്ടുവരാറില്ല.
വാർത്താ സമ്മേളനത്തിനു വന്ന
പത്രക്കാരനാണെന്ന്
പറഞ്ഞു നോക്കി.
അയാൾ വിടാൻ ഭാവമില്ലായിരുന്നു.